"ഭരണഭാഷ–മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കുഴൽമന്ദം സബ് ട്രഷറി കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനം പൊതുമരാമത്തു വകുപ്പ് മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി നിർവ്വഹിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് – സി) വകുപ്പ്**

സ.ഉ.(സാധാ)നം. 4533/2025/ധന. തീയതി, തിരുവനന്തപുരം, 20/05/2025

---

പരാമർശം :- 1. 26/04/2025 -ലെ ട്രഷറി ഡയറക്ടറുടെ TRY/1389/2025 TIDP - III (E 142373) നമ്പർ കത്ത്.

2. പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), പാലക്കാട് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ PWD/BLDG/EST/10455/2024 നമ്പർ എസ്റ്റിമേറ്റ്

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലാ ട്രഷറിയുടെ പരിധിയിലുള്ള **കുഴൽമന്ദം സബ് ട്രഷറി കെട്ടിടത്തിന്റെ നവീകരണ** പ്രവർത്തനത്തിനായി പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), പാലക്കാട്, എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ 15,00,000/- (പതിനഞ്ചു ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് പൊതുമരാമത്ത് വകുപ്പ് മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി നിർവ്വഹിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം 1 പ്രകാരം ട്രഷറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കുഴൽമന്ദം സബ് ട്രഷറി കെട്ടിടത്തിന്റെ ശോചനീയാവസ്ഥ പരിഗണിച്ച് നവീകരണ പ്രവർത്തനത്തിനായി പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), പാലക്കാട്, എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ **15,00,000/- (പതിനഞ്ചു ലക്ഷം രൂപ മാത്രം)** രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് പൊതുമരാമത്തു വകുപ്പ് മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി നിർവ്വഹിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിനുള്ള ചെലവ് **'5475-00-800-80-04 ട്രഷറി ഡയറക്ടറേറ്റ് ഉൾപ്പെടെ പുതിയ ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണം (പ്ലാൻ)'** എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. യൂസഫ് ഖാൻ**

**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, പട്ടം, പട്ടം പാലസ് പി ഒ, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, കുഴൽമന്ദം.

വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്.

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി (E -3135742)

ഉത്തരവിൻ പ്രകാരം

Karthika

സെക്ഷൻ ഓഫീസർ